Janayugom
07.11.17

# ലോക ജൈവ കോൺഗ്രസ് 2017ന് സജീവ പങ്കാളിത്തവുമായി കേരളവും

തിരുവനന്തപുരം: ജൈവ കൃഷിയിൽ ലോകത്തിലെ കുംഭമേള എന്നറിയപ്പെടുന്ന ഓർഗാനിക് വേൾഡ് കോൺഗ്രസ് (ഒഡബ്ല്യുസി) ഒൻപത് മുതൽ 11 വരെ ഉത്തർപ്രദേശിലെ ഗ്രേറ്റർ നോയിഡയിലുള്ള ഇന്ത്യ എക്സ്പോ സെന്ററിൽ അരങ്ങേറും. മൂന്ന് വർഷത്തിലൊരിക്കൽ വിവിധരാജ്യങ്ങളിലായി അവതരിക്കപ്പെടുന്ന ഈ മാമാങ്കം ആദ്യമായാണ് ഇന്ത്യയിലെത്തുന്നത്. ഇന്റർ നാഷണൽ ഫെഡറേഷൻ ഓഫ് ഓർഗാനിക് അഗ്രിക്കൾച്ചർ മൂവ്മെന്റ് എന്ന സംഘടനയാണ് കോൺഗ്രസ് സംഘടിപ്പിക്കുന്നത്. കേരള പവലിയന്റെ ഉദ്ഘാടനം ഒൻപതിന് വൈകിട്ട് കേരള സംഘാടനത്തിന്റെ മുഖ്യ ചുമതലയുള്ള കൃഷി മന്ത്രി അഡ്വ. വി എസ് സുനിൽ കുമാർ നിർവ്വഹിക്കും. തുടർന്ന് അടുത്ത ദിവസങ്ങളിലായി നടക്കുന്ന സെമിനാറിലും ബിസിനസ് മീറ്റിലും മന്ത്രിയും മറ്റു ഉദ്യോഗസ്ഥരും പങ്കെടുക്കും.

കേരളം വളരെ വ്യത്യസ്തമായ രീതിയിൽ പരമ്പരാഗത അറിവുകളും നവീന ശാസ്ത്ര ഗവേഷണ വിദ്യകളും കോർത്തിണക്കികൊണ്ട് സുസ്ഥിരമായ കൃഷി എങ്ങനെ നടപ്പിലാക്കാമെന്നതിനെ പ്പറ്റിയും നല്ല കൃഷി സമ്പ്രദായങ്ങളെ പറ്റിയും ഉള്ള വിഷയാവതരണമാണ് സംഘടിപ്പിച്ചിരിക്കുന്നത്. സംസ്ഥാന കൃഷിവകുപ്പ്, വിഎഫ്പിസികെ, ഹോർട്ടികോർപ്പ്, എസ്എച്ച്എം, സിറ്റിസിആർഐ, കാർഷിക സർവ്വകലാശാല, എസ്എഫ്എസി, സമേതി (ആത്മ) തുടങ്ങി വിവിധ ഏജൻസികളാണ് കേരളപവലിയൻ തയ്യാറാക്കുന്നത്.

ലോകം ജൈവവിപണിയിലേയ്ക്ക് എന്ന ആശയവുമായി ജൈവകൃഷിയിലേയ്ക്ക് ലക്ഷ്യം വയ്ക്കുന്ന സംരംഭകർക്കും, കൃഷിക്കാർക്കും, രാജ്യങ്ങൾക്കും അവരുടെ ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും വ്യാപാര സൗഹൃദങ്ങൾ സ്ഥാപിച്ചെടുക്കുന്നതിനും ഉതകുന്ന ഏറ്റവും വലിയൊരു വേദിയാണിത്.

സിക്കിം ആദ്യ ജൈവ സംസ്ഥാനമായി പ്രഖ്യാപിച്ചു കഴിഞ്ഞതിനു പുറമേ മറ്റു പല സംസ്ഥാനങ്ങളും ഇതേ ചുവടു വച്ച് നീങ്ങുകയാണ്. ജൈവ വിപണി ലോകമെങ്ങും ശ്രദ്ധയാകർഷിച്ചു കഴിഞ്ഞു. ജൈവകൃഷി സാമ്പത്തികവും പാരിസ്ഥിതികവുമായ സുരക്ഷ ഉറപ്പാക്കുമെന്ന് സ്ഥാപിതമായ ഈ ഘട്ടത്തിൽ സംസ്ഥാന സർക്കാരുകൾക്കു പുറമേ ബാങ്കുകൾ, സന്നദ്ധ സംഘടനകൾ തുടങ്ങി പല ഏജൻസികളും ജൈവകൃഷിയ്ക്ക് പ്രത്യക്ഷ സഹായവുമായി മുന്നോട്ട് വരുന്നുണ്ട്.

ജൈവലോകം ജൈവ ാരതത്തിലൂടെ എന്നതാണ് 19 ാമത് ലോക ജൈവ കോൺഗ്രസിന്റെ മുദ്രാവാക്യം. അനിയന്ത്രിതമാം രാസകീടനാശിനികളുടെ പ്രയോഗമാണ് 1980 കളിൽ ജൈവകൃഷിയ്ക്ക് പ്രാമുഖ്യം ലഭിച്ചുതുടങ്ങാൻ കാരണമായത്. ഇന്ന് അഞ്ച് ലക്ഷത്തോളം കർഷകർ നല്ല കൃഷി സമ്പ്രദായങ്ങളിലൂടെയുള്ള ഉത്പാദന മാർക്ഷങ്ങളിലേയ്ക്ക തിരിഞ്ഞിട്ടുണ്ട്.

ഇന്ത്യയിൽ നടക്കുന്ന ലോക ജൈവ കോൺഗ്രസ്സ് പ്രധാനമായും ഏഷ്യ, ആഫ്രിക്ക, തെക്കേ അമേരിക്ക എന്നിവിടങ്ങളിൽ ജൈവകൃഷി മേഖലയിൽ നടക്കുന്ന നിർണ്ണായക വഴിത്തിരിവുകൾ ലോകത്തിന് ഉയർത്തികാട്ടുവാൻ തീരുമാനിച്ചിട്ടുണ്ട്.